പൈപ്പ്ലൈൻ എക്സ്റ്റെന്റ് ചെയ്യാൻ നടപടിയുണ്ടാക്കണം. ഈ കാര്യങ്ങൾക്ക് വേണ്ടി 22 കോടി രൂപയുടെ ചെലവ് വാട്ടർ അതോറിറ്റിക്ക് വരും. ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം വാട്ടർ അതോറിറ്റിക്ക് ഈ ചെലവ് വഹിക്കാൻ വളരെ പ്രയാസമായിരിക്കും. അങ്ങ് ചോദിച്ച ചോദ്യത്തിന് ഞാൻ എഴുതിയ ഒരു റിപ്ളൈ ഉണ്ട്. പക്ഷേ അങ്ങ് അതിൽനിന്ന് വ്യതിചലിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പൊതുവായ കാര്യങ്ങൾ എനിക്കു പറയേണ്ടിവന്നത്. വെള്ളായണി കായലും അവിടത്തെ ശുദ്ധജല സ്രോതസ്സും സംരക്ഷിക്കണം എന്നതു തന്നെയാണ് ഗവണ്മെന്റിന്റെ നിലപാട്. ഇതിന്റെ വിശദവിവരങ്ങളടങ്ങിയ പേപ്പർ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(7) ചാരുംമൂട്ടിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, മാങ്കാരംകുഴി വെട്ടിയാറിൽ പോലീസ് സ്റ്റേഷനും ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. ഷാജു: സർ, ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കേയറ്റമായ പാലമേൽ, താമരക്കുളം തുടങ്ങിയ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഈ മേഖലയിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ലോകത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത് എന്റെ മണ്ഡലമായ നൂറനാട്ടിലാണ്; ദുരൂഹമരണങ്ങളുമുണ്ട്. നിലവിൽ മാവേലിക്കര സർക്കിൾ സ്റ്റേഷനിൽ ഏതാണ്ട് 30 കിലോമീറ്റർ അകലെയാണ് പാലമേൽ പഞ്ചായത്തിൽ അടൂരിന്റെ ഭാഗത്ത് ഉൾപ്പെടുന്ന ഈ പ്രദേശം വരുന്നത്. 10 വർഷം മുൻപ് ആലപ്പുഴ ജില്ലയിൽ സി. ഐ. ഓഫീസുകൾക്കുവേണ്ടിയുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിലൊന്ന് മാന്നാറും, മറ്റേത് ചാരുംമൂടുമായിരുന്നു. മാന്നാറിൽ സി. ഐ. ഓഫീസ് വന്നു. ചാരുംമൂട്ടിൽ വന്നില്ല. ഇപ്പോൾത്തന്നെ കുഴവാനിച്ചൽ പള്ളിമുറ്റത്തുണ്ടായ കൊലപാതകവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ ഡി. വൈ. എസ്. പി. കറ്റാനം ടി. ബി. യിൽ ക്യാമ്പ് ചെയ്യുകയാണ്. ചെങ്ങന്നൂരും, ഈ പ്രദേശവുമായി കുറെ അകലമുണ്ട്. അവിടെ ഒരു സി. ഐ. ഓഫീസ് സ്ഥാപിക്കണമെന്ന നേരത്തെയുള്ള നിർദ്ദേശം അടിയന്തിരമായും നടപ്പിലാക്കണം. ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തായ നൂറനാട്ടിന്റെയും ചുനക്കരയുടെയും ചില ഭാഗങ്ങൾ ചേരുന്ന തഴക്കര പഞ്ചായത്തുകൂടി ഉൾപ്പെടുത്തിക്കൊണ്ട് മാങ്കാരംകുഴിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ട്. അതിനുള്ള പരിശോധന കഴിഞ്ഞതാണ്. മോഷണവും, പിടിച്ചുപറിയും കൊണ്ട് ഈ പ്രദേശത്തെ നാട്ടുകാർ വളരെ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ചാരുംമൂട്ടിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസും മാങ്കാരംകുഴി വെട്ടിയാറിൽ ഒരു പോലീസ് സ്റ്റേഷനും അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ചാരുംമൂട്ടിൽ ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, വെട്ടിയാറിൽ ഒരു പോലീസ് സ്റ്റേഷനും ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ചാരുംമൂട്ടിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിന് സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് അടുത്ത സാമ്പത്തിക വർഷം അതിനെപ്പറ്റി ആലോചിക്കാം. വെട്ടിയാറിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഗവണ്മെന്റ് ഇപ്പോൾ തന്നെ മുൻഗണനാക്രമത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭാഗ്യത്തിന് ശ്രീ. കെ. കെ. ഷാജുവിന്റെ വെട്ടിയാർ ആ ലിസ്റ്റിലുണ്ട്. കുറച്ച് താഴെയാണ്. സ്ട്രിക്ടായി മുൻഗണനാക്രമം അനുസരിച്ചുള്ള പ്രൊപ്പോസൽ തരാൻ ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(8) മുള്ളൂർക്കര, ചേലക്കര സബ്സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വോൾട്ടേജ് ക്ഷാമം എന്റെ മണ്ഡലത്തിലെ ഏറ്റവും വലിയ പ്രശ്നമാണ്. അത് പരിഹരിക്കാൻ വേണ്ടിയാണ് മുൻ എൽ. ഡി. എഫ്. ഗവണ്മെന്റിന്റെ കാലത്ത് രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നത്. ഒന്ന് മുള്ളൂർക്കരയിലും, മറ്റൊന്ന് ചേലക്കരയിലുമാണ്. രണ്ട് സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചെങ്കിലും പിന്നീടുള്ള പണി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. യു. ഡി. എഫ്. ഗവണ്മെന്റ് വന്നതിനുശേഷം നിരന്തരം സബ്മിഷനും കത്തുമെല്ലാം കൊടുത്തെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇക്കാര്യത്തിൽ താൽപ്പര്യം എടുത്തിട്ടുണ്ട്. തീർച്ചയായും ഈ സബ്സ്റ്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ അദ്ദേഹം തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻവേണ്ടി മുള്ളൂർക്കരയിലും ചേലക്കരയിലും രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly